# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 4, No. 04 : എപ്രിൽ 2011**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി - 422 403, മഹാരാഷ്ട്ര**


***ധർമ്മ വാണി***

*ഹിന്ദു ഹോ യാ ബൗദ്ധ ഹോ,*
*മുസ്ലിം ഹോ യാ ജൈൻ,*
*ജബ് ജബ് മന് മൈലാ കരേ,*
*തബ് തബ് ഹോ ബേചൈൻ.*

ഹിന്ദുവാട്ടെ, ബൗദ്ധനാട്ടെ,
മുസ്ലീമൊ ജൈനൊവാകട്ടെ,
എപ്പോളെപ്പോൾ മനം മലിനം,
അപ്പോളപ്പോൾ അസ്വസ്ഥം.

— **എസ. എൻ. ഗോയങ്ക**

## സ്വനുഭൂതി എന്തുകൊണ്ട് അത്യാവശ്യം?

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 15 ാം ഭാഗം.)*

ബുദ്ധിയുപയോഗിച്ച് മനസ്സിലാക്കിയ ജ്ഞാനവും അനുഭൂതിയിലൂടെ അറിഞ്ഞ ജ്ഞാനവും തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. ആര് രണ്ടിനെയും അറിഞ്ഞോ, ഈ വ്യത്യാസം അവർക്കെ മനസ്സിലാവുകയുള്ളു. ഒരു കാര്യം ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കി, കൂടാതെ അതേ കാര്യം അനുഭൂതിയുടെ തലത്തിലും മനസ്സിലാക്കി, അപ്പോൾ രണ്ടിന്റെയും വ്യത്യസം വളരെ സ്പഷ്ടമായി. അനുഭൂതിവഴി അറിയുന്നതിന് ഒരു വിശേഷ പ്രകാരത്തിലുള്ള ശക്തിയുടെ ആവശ്യം ഉണ്ട്, അതാണ് പ്രജ്ഞയുടെ ശക്തി. ഈ പ്രകൃതി, പരമാത്മാവ്, മനുഷ്യന് ഈ ശക്തി കൊടുത്തിട്ടുണ്ട്. നമ്മൾക്ക് ഈ ശക്തിയെ ഉണർത്താൻ അറിയില്ലെങ്കിൽ, അതിന്റെ ഉപയോഗം ചെയ്യാൻ അറിയില്ലെങ്കിൽ അത് നമ്മുടെ തെറ്റാണ്, നമ്മുടെ ദുർബലതയാണ്, നമ്മുടെ കുറവാണ്. എപ്രകാരം പ്രകൃതി നമുക്ക് കണ്ണുപയോഗിച്ച് കാണാനുള്ള ശക്തി തന്നിട്ടുണ്ടോ, കാതുപയോഗിച്ച് കേൾക്കാനുള്ള ശക്തി തന്നിട്ടുണ്ടോ, മുക്കു പയോഗിച്ച് മണക്കാനുള്ള ശക്തി തന്നിട്ടുണ്ടോ, നാവുകൊണ്ട് രുചിക്കാനുള്ള ശക്തി തന്നിട്ടുണ്ടോ, ശരീരത്തിന്റെ ത്വക്കുവഴി സ്പർശം അറിയാനുള്ള ശക്തി തന്നിട്ടുണ്ടോ, മനസ്സുപയോഗിച്ച് ചിന്തി ക്കാനുള്ള ശക്തി തന്നിട്ടുണ്ടോ, അതേ പോലെ തന്നെയാണ് പ്രജ്ഞയുടെ ശക്തി. ഇത് ഉണർന്നാൽ സ്വന്തം ജോലി വിശേഷരൂപത്തിൽ ചെയ്യാൻ തുടങ്ങാം. ഏതൊരു ജോലി കണ്ണിന് ചെയ്യാൻ സാധിക്കില്ലയോ, കാതിന്, മൂക്കിന്, നാവിന്, ത്വക്കിനു ചെയ്യാൻ സാധിക്കില്ലയോ, മനസ്സിന് സാധിക്കല്ലയോ, അതിനപ്പുറത്തെ ആ ആഴങ്ങളിലാണ് പ്രജ്ഞ ഉണരുന്നത്. അതിനെ ഉണർത്തേണ്ടതുണ്ട്. അതിനെ ഉണർത്തുന്നതും, കലയാണ്. അത് ഉണർന്നില്ലെങ്കിൽ എങ്ങനെ അനുഭവമുണ്ടാകും?

കേട്ടു, ബുദ്ധിയുപയോഗിച്ച് മനസ്സിലാക്കി സ്വീകരിക്കുകയും ചെയ്തു - ഈ ശരീരസ്കന്ദം മുഴുവനും ചെറിയ-ചെറിയ കുമിളകളാണ്, ചെറിയ-ചെറിയ തരംഗങ്ങളാണ്. ഇതിൽ ഒരിടത്തും ഘനത്വമില്ല. ഇനി ആരോടെങ്കിലും പറയുകയാണ് - ഇരിക്കുക, കണ്ണടക്കുക, എന്നിട്ട് ഇതിനെ അനുഭവം ചെയ്യുക. പാവം എന്തു അനുഭവം ചെയ്യും? കല്പനയല്ലെ ചെയ്യുകയുള്ളു - എന്റെ മുഴുവൻ ശരീരവും പരമാണുക്കളാൽ നിർമ്മിക്കപ്പെട്ടതാണ്, എന്റെ മുഴുവൻ ശരീരവും ചെറിയ ചെറിയ തരംഗങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്, ഈ ശരീരം മുഴുവൻ കുമിളകളാൽ നിർമ്മിക്കപ്പെട്ടതാണ്, കല്പന ചെയ്തുകൊണ്ടുപോയാൽ ചിലപ്പോൾ അത് ആകാരമുള്ളതും ആയിത്തീരും. എന്നാൽ സത്യത്തിന്റെ അനുഭൂതി എവിടെ ആയി? കല്പനയുടെ സഹായത്താൽ ജോലി ചെയ്താൽ കല്പനയുടെ സഹായത്താൽ മുന്നേറി മുന്നേറി ഏതെങ്കിലും വലിയ കല്പനയിൽ കുടുങ്ങിക്കിടക്കും. എന്നാൽ സത്യത്തിന്റെ സഹായത്താൽ ജോലി ചെയ്താൽ, അതായത് അനുഭൂതിയുടെ സഹായത്താൽ ജോലി ചെയ്താൽ, പ്രജ്ഞയുടെ ബലത്തിൽ ജോലി ചെയ്താൽ സത്യത്തിന്റെ സഹായത്താൽ, അനുഭൂതിയുടെ ബലത്തിൽ മുന്നേറി മുന്നേറി അതിലും സൂക്ഷ്മ സത്യം, അതിലും സൂക്ഷ്മ സത്യം, സൂക്ഷ്മതരം, സൂക്ഷ്മതമം, എന്നിട്ട് അതിനു ശേഷമുള്ള പരമസത്യം വരെ എത്തിച്ചേരും. പ്രജ്ഞ വളരെ ബലമുള്ളതാണ്, വളരെ നന്മ തരുന്നതാണ്, എന്നാൽ

ഉണരേണ്ടതുണ്ട്. പ്രജ്ഞ ഉണർന്നില്ലെങ്കിൽ അനുഭൂതിയാലുള്ള ജ്ഞാനം ഉണർന്നില്ലെങ്കിൽ ആദ്ധ്യാത്മത്തിൽ ഏതൊരു ലാഭമുണ്ടാകേണ്ട തുണ്ടോ, അതിൽ നിന്ന് വഞ്ചിതനായിത്തീരും.

ഒരുദാഹരണം കൊണ്ട് മനസ്സിലാക്കാം – ഒരു വ്യക്തിക്ക് കാണുന്നതിനുള്ള ശക്തിയില്ല. അവൻ ജന്മനാൽ തന്നെ അന്ധനാണ്. അവന് കണ്ണു തന്നെയില്ല, എന്തു കാണാനാണ്? നമ്മുടെ ഇവിടെ ഒരു കഥ ഉണ്ട്. രണ്ട് ആൺകുട്ടികൾ, വളരെ ദരിദ്രർ, വളരെ ദരിദ്രർ. അവർ ഫുട്പാത്തിൽ ഉറങ്ങി, ഭിക്ഷ യാചിച്ചുകൊണ്ട് ജീവിതം നയിക്കുകയാണ്. അവരിൽ ഒരാൾ ജന്മനാൽ അന്ധനാണ്. രണ്ടാമത്തെയാൾ അവന്റെ കൈപിടിച്ച് കൂടെ കൊണ്ടു നടക്കും, ഭിക്ഷ യാചിച്ച് രണ്ടു പേരും ജീവിക്കും. ഒരു ദിവസം അന്ധനായ കൂട്ടുകാരന് കടുത്ത പനി. അവന്റെ കൂട്ടുകാരൻ പറഞ്ഞു, സഹോദര, ഇവിടെ തന്നെ കിടക്കുക. എന്റെ ഒപ്പം ഭിക്ഷ യാചിക്കാനായി വരേണ്ട. ഞാൻ പോകാം, ഭിക്ഷ കൊണ്ടു വരാം എന്നിട്ട് ഇവിടെ തന്നെ ഇരുന്ന് ഭക്ഷിക്കാം. അവൻ പോയി. സംയോഗം – ഏതോ ഗൃഹസ്ഥ അവന് പായസം കൊടുത്തു. വളരെ സന്തോഷവാനായി. എന്നാൽ പാവത്തിന്റെ പക്കൽ ഒരു പാത്രവുമില്ലായിരുന്നു. സ്വന്തം കൈയ്യിൽ എടുത്ത് കുടിച്ചു. തിരിച്ചു വന്നപ്പോൾ സ്വന്തം മിത്രനോട് പറഞ്ഞു, എന്തു ചെയ്യാം സഹോദര, ഇന്നാകട്ടെ കഴിക്കാനായി വളരെ നല്ല പായസം ലഭിച്ചു. എന്നാൽ എന്റെ പക്കൽ പാത്രവും ഇല്ലായിരുന്നു, നിനക്കായി എങ്ങനെ കൊണ്ടു വരും? അന്ധനായ മിത്രം പറഞ്ഞു, നല്ലത് സഹോദര, കൊണ്ടുവന്നില്ലെങ്കിൽ കൊണ്ടുവന്നില്ല. ആ പാവം ഒരിക്കലും പായസം കഴിച്ചിട്ടേ ഇല്ലായിരുന്നു. ചോദിച്ചു, പായസം എന്താണ്, അതിനെപ്പറ്റി പറയാമോ?

അയ്യോ, പായസം എങ്ങനെയാണെന്ന് നിനക്കറിയില്ലേ?

സഹോദര ഞാനാകട്ടെ ഒരിക്കലും കഴിച്ചിട്ടില്ല, എങ്ങനെയുണ്ടാകും, പറയൂ

വെളുത്ത് വെളുത്ത് ഇരിക്കും.

വെളുത്ത് വെളുത്ത് – അയ്യോ, ഈ വെളുത്തതെന്താണ്?

അവനാകട്ടെ ജന്മനാ അന്ധനാണ്, വെളുത്തതെന്താണ് എന്ന് അവനെന്തറിയും.

അയ്യോ നിനക്ക് വെളുത്തതെന്ത് എന്നറിയില്ലെ, ഏതൊന്ന് കറുത്തതല്ലയോ, അത് വെളുത്തതാണ്.

സഹോദര കറുത്തതെന്താണ്? നീ ഇത് എന്താണ് പറയുന്നത്?

ജന്മനാ അന്ധനാണ്. അവന് കറുത്തതും വെളുത്തതും അറിയില്ല. ഇനി എങ്ങനെ മനസ്സിലാക്കിക്കൊടുക്കും? അപ്പോൾ അടുത്ത് ഏതൊ വെളുത്ത കൊക്ക് നില്പുണ്ടായിരുന്നു, അതിനെ പിടിച്ചുകൊണ്ടു വന്നു – ഇനിയെങ്കിലും മനസ്സിലാക്കുക, പായസം ഈ കൊക്കിനെപ്പോലെ വെളുത്തതാണ്.

പാവം എങ്ങനെ മനസ്സിലാക്കും? കണ്ണാകട്ടെ ഇല്ലതാനും. കൈകൊണ്ട് തടവി തടവി നോക്കി. അപ്പോൾ വളരെ സന്തോഷവാനായി, ഇപ്പോൾ വെളുത്തത് എന്താണെന്ന് മനസ്സിലായി. വെളുപ്പ് വളരെ വളരെ മൃദുവാണ്. ഓ, നിന്റെ പായസം വളരെ വളരെ മൃദുവായിരുന്നു.

അയ്യോ, ഭ്രാന്താ, വെളുപ്പിന് മൃദുവിനോടും പരുപരുത്തതിനോടും എന്തു ബന്ധമാണുള്ളത്? വെളുപ്പ്, വെളുപ്പാണ്.

അയ്യോ, എനിക്കെന്തറിയാം? നീ പറഞ്ഞു ഈ പക്ഷിയെപ്പോലെയാണ്. ഞാൻ കൈവച്ചു നോക്കി, അതാകട്ടെ വളരെ മൃദുവാണ്. അപ്പോൾ വെളുപ്പ് മൃദുവായതുതന്നെയല്ലെ?

അയ്യോ അല്ല, മൃദുവല്ല. ഈ കൊക്കിനെപ്പോലെ വെളുത്തതാണ്. നീ മനസ്സിലാക്കാൻ ശ്രമിക്കൂ.

പാവം എന്തു ചെയ്യും? വീണ്ടും കൈയോടിച്ചു നോക്കി. അതിന്റെ കൊക്കിൽ നിന്നും തുടങ്ങി മുഴുവൻ ശരീരത്തിലും കൈയോടിച്ച് പറയുകയാണ്, ഇപ്പോൾ മനസ്സിലായി.

എന്തു മനസ്സിലായി?

അയ്യോ, വെളുപ്പ് വളഞ്ഞതാണ്. നിന്റെ പായസം വളഞ്ഞതാണ്.

അന്നു മുതൽ ഈ ശൈലി – നിന്റെ പായസം വളഞ്ഞതാണ്. എങ്ങനെ മനസ്സിലാക്കും, കാണുന്നതിനുള്ള ശക്തി പ്രകൃതി എല്ലാവർക്കും കൊടുക്കുന്നു, അവന്റെ പക്കൽ ഇല്ല. എങ്ങനെ മനസ്സിലാക്കും? ആരെങ്കിലും ജന്മനാൽ ബധിരനാണ്, അവന് ശബ്ദമെന്താണ്, ബഹളം എന്താണ്, എങ്ങനെ മനസ്സിലാക്കും? ശരിക്കും ഇതേ പ്രകാരത്തിൽ പ്രജ്ഞ നമ്മുടെ പക്കൽ ഇല്ലെങ്കിൽ എങ്ങനെ മനസ്സിലാക്കും? ഉള്ളിലെ സത്യം എന്താണ് എന്ന് എങ്ങനെ മനസ്സിലാക്കും? എങ്ങനെയറിയും, ഈ ശരീരം മുഴുവൻ പരമാണുക്കളാൽ നിർമ്മിക്കപ്പെട്ടതാണ്, കുമിളകളാൽ നിർമ്മിക്കപ്പെട്ടതാണ്, തരംഗങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ് – ഉത്പന്നമാകുന്നു, നഷ്ടമാകുന്നു; ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ബുദ്ധിയാൽ കല്പന വേണമെങ്കിൽ ചെയ്യാം, ബുദ്ധിയാൽ വേണമെങ്കിൽ മനസ്സിലാക്കാം, എന്നാൽ അനുഭൂതിയുടെ കാര്യമായില്ലല്ലോ! എന്തെന്നാൽ ആ ശക്തി തന്നെ ഉണർത്തിയില്ല. ആ ശക്തി ഉണരട്ടെ. ഭാരതത്തിന്റെ ഈ പുരാതന വിദ്യ ഇതേ ജോലിക്കുള്ളതാണ്. സ്വാനുഭൂതിയിൽ വന്നാൽ അത് വേദം. അനുഭൂതിയാലുള്ള ഇതേ ജ്ഞാനത്തെയാണ് വേദജ്ഞാനമെന്ന് വിളിച്ചിരുന്നത്. ദർശനം എന്നാൽ അനുഭൂതി. അനുഭൂതിയാലുള്ള ജ്ഞാനത്തെ ദർശനജ്ഞാനമെന്നും വിളിച്ചിരുന്നു. പശ്യന എന്നാൽ അനുഭൂതി. പശ്യനാ ജ്ഞാനത്തിനെ തന്നെയാണ് വിളിച്ചിരുന്നത് – 'പസ്സ് ജാന്, പസ്സ് ജാന്'. ഇത് ഭാരതത്തിന്റെ വളരെ പുരാതന വിദ്യയായിരുന്നു. ഏതോ കാരണവശാൽ മറന്നുപോയി. എന്നാലും വീണ്ടും വന്നിരിക്കുകയാണ്.

മുഖ്യ കാര്യം തന്നെപ്പറ്റി ഏതൊരു സത്യമുണ്ടോ അതിനെ അനുഭൂതിയിൽ എങ്ങനെ കൊണ്ടു വരും? അയ്യോ, പുറമെ-പുറമെയുള്ള ഏതൊരു സത്യമുണ്ടോ, അതിനെയും നമ്മൾക്ക് പൂർണ്ണരൂപത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നില്ല. കണ്ണിന് കാണുന്നതിനുള്ള ഏതൊരു ശക്തിയുണ്ടോ,

അതിന് ഒരു അതിരുണ്ട്. ആ അതിരിനു വെളിയിൽ ഏതെങ്കിലും സംഭവം സംഭവിക്കുകായണെങ്കിൽ കണ്ണിന് അതിനെ കാണാൻ സാധിക്കില്ല.

ഒരുദാഹരണത്താൽ മനസ്സിലാക്കാം. എപ്പോൾ കണ്ണിന് കാണാൺ സാധിക്കുന്നില്ലയോ അപ്പോൾ എത്ര വിഭ്രാന്തികൾ ജനിക്കുന്നു, ഇതിനെ നോക്കാം – രാത്രിയിൽ ഒരു മെഴുകുതിരി അല്ലെങ്കിൽ വിളക്ക് കത്തിച്ച് ഉറങ്ങി. രാവിലെ ഉണർന്നപ്പോൾ കാണുന്നു അതേ മെഴുകുതിരിയാണ് കത്തുന്നത്, അതേ വിളക്കാണ് കത്തിക്കൊണ്ടിരിക്കുന്നത്, അതേ പ്രകാശമാണ്. അയ്യോ, ആ മെഴുകുതിരി എവിടെ, ആ വിളക്കെവിടെ? അതിൽ നിന്നും പ്രതിക്ഷണം ഒരു തീപ്പൊരി ഉയരുന്നു, നഷ്ടമാകുന്നു, അടുത്ത തീ അതിന്റെ സ്ഥാനം എടുക്കുന്നു. ഒന്ന് ഉത്പന്നമാകുന്നു, നഷ്ടമാകുന്നു; ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ഒരു തീപ്പൊരിക്കും വേറൊരു തീപ്പൊരിക്കും ഇടക്ക് ഒരു ഇടവേളയുമില്ല. ഒന്നിനുശേഷം ഒന്ന്, ഒന്നിനു ശേഷം ഒന്ന് സംഭവിച്ചു കൊണ്ടുപോകുകയാണ് എന്നാൽ നമ്മൾക്ക് തോന്നുകയാണ് – അതു തന്നെയാണ്, അതു തന്നെയാണ്, അതു തന്നെയാണ്.

വൈദ്യുതിയുടെ ബൾബാണ്, ഞാൻ അതിനുനേരെ രണ്ടു പ്രാവശ്യം വിരൽ ചൂണ്ടുന്നു, പുറമെ പുറമെ നിന്ന് ഇങ്ങനെ തോന്നും – വൈദ്യുതിയുടെ ബൾബിന്റെ അതേ പ്രകാശമാണ്. അയ്യോ, ആ പ്രകാശം എവിടെ സഹോദര? അതേ പ്രകാശമായിരുന്നെങ്കിൽ ഈ മാസാവസാനം ഇലക്ട്രിസിറ്റിബോർഡ് നമ്മൾക്ക് എന്തിനാണ് ബിൽ അയക്കുന്നത്? അവർ അവിടെ വൈദ്യുതി ഉത്പാദിപ്പിക്കുകയാണ് അത് വയറിന്റെ സഹായ ത്താൽ ഇവിടെ വരുന്നു, നഷ്ടമാകുന്നു, അടുത്തത് വരുന്നു, നഷ്ടമാകുന്നു. ഒന്നിനു പുറകെ ഒന്ന് ഇത്ര ശീഘ്രഗതിയിൽ വന്നുവന്ന് നഷ്ടമാകുന്നു അപ്പോൾ നമ്മൾക്ക് തോന്നുന്നു അതു തന്നെയാണ്, അതു തന്നെയാണ്. അയ്യോ, അതല്ല. ഇതിനെ എങ്ങനെ അറിയും? അതായത് കണ്ണിന് സ്വന്തം ഒരു അതിരുണ്ട്.

വേറൊരു ഉദാഹരണം. ഒരു വ്യക്തി രാവിലെ നദി തരണം ചെയ്ത് മറു തീരത്തിൽ പോകുകയാണ്. ദിവസം മുഴുവനും സ്വന്തം തൊഴിൽ വ്യാപാരം ചെയ്ത് വീണ്ടും തോണിയിൽ തിരിച്ചു വരുന്നു. അവൻ ഇതുതന്നെയാണ് വിചാരിക്കുന്നത് ഏതൊരു ഗംഗ ഞാൻ തരണം ചെയ്തോ, അതേ ഗംഗ തരണം ചെയ്തു വന്നു. അയ്യോ, ആ ഗംഗ എവിടെ? രാവിലെയുള്ള ഗംഗയാകട്ടെ എവിടെയോ ഒഴുകിപ്പോയി, ഇതാകട്ടെ തീർത്തും വേറൊരു ഗംഗയാണ്. ആ ഗംഗയിൽ മുങ്ങി നോക്കാം. ഒന്നു മുങ്ങി, തല വീണ്ടും പോക്കി, വീണ്ടും ഒന്നു മുങ്ങി, തല വീണ്ടും പൊക്കി. വീണ്ടും ഒന്നു മുങ്ങി, തല പൊക്കി. ഭ്രമം ഇതുതന്നെയാണ്, ഞാൻ അതേ ഗംഗയിൽ തന്നെയാണ് മുങ്ങിക്കൊണ്ടിരിക്കുന്നത്. അതേ ഗംഗയിൽ തന്നെയാണ് മുങ്ങിക്കൊണ്ടിരിക്കു ന്നത്. അയ്യോ, ആ ഗംഗ എവിടെ സഹോദര? നീ ഏതൊരു ഗംഗയിൽ ആദ്യം മുങ്ങിയോ, അതു മുഴുവൻ ഒഴുകിപ്പോയി. അതിന്റെ ഒരു തുള്ളിപോലും ബാക്കിയില്ല. ഒരൊറ്റുപോലും ബാക്കിയില്ല. രണ്ടാമത്തെ മൂങ്ങൾ വേറൊരു ഗംഗയിലാണ്. മൂന്നാമത്തെ മൂങ്ങൾ മൂന്നാമത്തെ ഗംഗയിലാണ് നടന്നത്.

എപ്പോൾ കാര്യം വളരെ ശീഘ്രഗതിയിൽ നടക്കുന്നോ, കൂടാതെ കണ്ണുകൊണ്ട് കാണാൻ സാധിക്കുന്നില്ലയോ, വളരെ വിഭ്രാന്തി ജനിക്കുന്നു. വളരെ ശ്രദ്ധയോടെ നോക്കി, കൂടാതെ സ്വന്തം അതിർത്തിക്കുള്ളിലാണെങ്കിൽ ചിലപ്പോൾ മനസ്സി ലാകും. ആ വിളക്കിന്റെ നാളത്തെ വളരെ ശ്രദ്ധയോടെ നോക്കിയാൽ കാണാം, ഒരു തീപ്പൊരി പൊങ്ങി, തീർന്നു, ഒരു തീപ്പൊരി പൊങ്ങി, തീർന്നു. എന്നാൽ ഈ ഇലക്ട്രിക് ബൾബിന്റെ പ്രകാശത്തെ എത്രതന്നെ ശ്രദ്ധയോടെ നോക്കിയാലും, നമ്മുടെ കണ്ണിന്റെ ശക്തിക്ക് വെളിയിലാണ്, അതിനാൽ എന്തെങ്കിലും ഉത്പന്നമാകുകയാണ്, നഷ്ടമാകു കയാണ് ഇതൊന്നും തന്നെ അറിയാൻ സാധിക്കുന്നില്ല.

നദിയുടെ ഒഴുക്കിനെ ശ്രദ്ധയോടെ നോക്കിയാൽ അത് നമ്മുടെ കണ്ണിന്റെ ശക്തിയുടെ അതിർത്തിക്കുള്ളിലാണ്. നമ്മൾക്ക് കാണാൻ സാധിക്കും. ഏതൊരു ആദ്യത്തെ മുങ്ങൽ നടന്നോ നോക്കൂ! ആ വെള്ളം ഒഴുകിപ്പോയില്ലെ! രണ്ടാമത്തെ മുങ്ങൽ വേറെ വെള്ളത്തിലാണ് നടന്നത്, അതും ഒഴുകിപ്പോയി മൂന്നാമത്തെ മൂങ്ങൽ നടന്നു, ആ വെള്ളവും ഒഴുകിപ്പോയി. ആയതുകൊണ്ട് സഹോദര ശരിയാണ്, ഒഴികിക്കൊണ്ടിരിക്കുകയാണ്. അടുത്ത മുങ്ങൽ പുതിയ ഗംഗയിലാണ് നടന്നത്, അടുത്ത മൂങ്ങൽ പുതിയ ഗംഗയിലാണ് നടന്നത്, ശരിക്കും മനസ്സിലായി. എന്നാൽ ഇതെങ്ങനെ മനസ്സിലാകും, ഏതൊരു വ്യക്തി ആദ്യം മുങ്ങിയോ, അവനും ഒഴുകിപ്പോയി. രണ്ടാമത്തെ മുങ്ങൽ മറ്റൊരു വ്യക്തിയാണ് നടത്തിയത്. മൂന്നാമത്തെ മുങ്ങൽ മൂന്നാമത്തെ വ്യക്തിയാണ് നടത്തിയത്. എങ്ങനെ മനസ്സിലാക്കും? കണ്ണിന്റെ ശക്തിയുടെ പരിധിയുടെ വെളിയിലെ കാര്യമാണ്.

ഈ ഗോയങ്ക, ഇദ്ദേഹം ഒരിക്കലും വിപശ്യന ചെയ്തിട്ടില്ലെങ്കിൽ എന്തു സ്ഥിതിയായിരിക്കും? അയ്യോ, പത്തു മിനിട്ടു മുമ്പ് ആര് സംസാരിക്കാനിരിന്നോ അതേ ഗോയങ്കയല്ലെ? അയ്യോ, മണിക്കൂർ മുമ്പുണ്ടായിരുന്ന അതേ ഗോയങ്കയല്ലെ? ഇന്നലെ ഏതൊരു ഗോയങ്ക ഉണ്ടായിരുന്നോ അതു തന്നെയല്ലെ? പത്തു വർഷം മുമ്പ് ഏതൊരു ഗോയങ്ക ഉണ്ടായിരുന്നോ, അതു തന്നെയ്യല്ലെ? ഇരുപത്, മുപ്പത്, അമ്പത്, എഴുപതു വർഷം മുമ്പ് ഏതൊരു ഗോയങ്ക ഉണ്ടായിരുന്നോ അയ്യോ, അതേ ഗോയങ്ക തന്നെയല്ലെ? അയ്യോ, ആ ഗോയങ്ക എവിടെ സഹോദരാ. ഉള്ളിൽ നോക്കാൻ സാധിച്ചാൽ, അനുഭവം ചെയ്യാൻ സാധിച്ചാൽ – ഈ ഒരു ക്ഷണത്തിൽ, അല്ലെങ്കിൽ കൈ ഞൊടിക്കുന്ന ഇത്രയും സമയത്തിൽ ഈ ഗോയങ്ക എത്ര പ്രാവശ്യം മരിച്ചു എത്ര പ്രാവശ്യം ജനിച്ചു. കണക്കില്ല. മരിച്ചു എന്നിട്ട് വീണ്ടും ജന്മമായി. നഷ്ടമായിക്കൊണ്ടുപോകുകയാണ്, പുതിയത് ജനിച്ചു കൊണ്ടിരിക്കുകയാണ്. നഷ്ടമായിക്കൊണ്ടി രിക്കുകയാണ്, പുതിയത് ജനിച്ചു ക്കൊണ്ടിരിക്കുകയാണ്.

എങ്ങനെ മനസ്സിലാകും, ഈ സത്യത്തെ ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കുന്നതിന് ശ്രമിച്ചാലും എന്തു ലാഭമുണ്ടാകും? ഇതിനെ എപ്പോൾ പ്രജ്ഞയുടെ തലത്തിൽ കാണുന്നുവോ – അയ്യോ, ക്ഷണം പ്രതിക്ഷണം, ക്ഷണം പ്രതിക്ഷണം ഇത്ര ശീഘ്ര ഗതിയിൽ പരിവർത്തനം

നടന്നുക്കൊണ്ടിരിക്കുകയാണ്, പരിവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്. അപ്പോൾ ഏതൊരു ജ്ഞാനം ഉണരുന്നോ അത് ശ്മശാന ജ്ഞാനമായിരിക്കില്ല. അയ്യോ എത്ര ഭംഗൂരമാണ്, ഈ മുഴുവൻ ശരീര സ്കന്ദം എത്ര ഭംഗൂരമാണ് എത്ര നശ്വരമാണ് എത്ര അനിത്യമാണ് എത്ര പരിവർത്തന സ്വഭാവ മുള്ളതാണ് – മാറിക്കൊണ്ടേയിരിക്കുന്നു, മാറി ക്കൊണ്ടേയിരിക്കുന്നു. ക്ഷണം പ്രതി മാറുന്നു, ക്ഷണം പ്രതി മാറുന്നു. ഇപ്പോൾ ഇത് കല്പനകളുടെ കാര്യമല്ല, കേവലം ബുദ്ധി വിലാസത്തിന്റെ കാര്യമല്ല. അനുഭൂതിയുടെ കാര്യം ആകാൻ തുടങ്ങി കൂടാതെ അനുഭൂതിയും എവിടെയാണ് നടന്നുകൊണ്ടിരിക്കുന്നത്? പ്രജ്ഞ തുളച്ചു തുളച്ചു ആ അവസ്ഥവരെ എത്തിച്ചേർത്തും – അവിടെ ഈ ഭൗതിക ലോകത്തിന്റെ, ഈ ഭൗതിക ശരീരത്തിന്റെ സൂക്ഷ്മതമായ അവസ്ഥകൾ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. ഉത്പന്നമാകുന്നു, നഷ്ടമാകുന്നു. മുഴുവൻ ശരീരസ്കന്ദവും പരമാണുക്കളുടെ സമൂഹം, കുമിളകളുടെ സമൂഹം, തരംഗങ്ങളുടെ സമൂഹം. ഇത്ര ശീഘ്ര ഗതിയിൽ ഉത്പന്നവും നഷ്ടവും ആയിത്തീരുന്നവ. മുഴുവൻ ചിത്ത സ്കന്ദവും പ്രതിക്ഷണം തരംഗങ്ങൾ തന്നെ തരംഗങ്ങൾ, തരംഗങ്ങൾ, തരംഗങ്ങൾ. ഈ കാര്യം അനുഭൂതിയിൽ വരാൻ തുടങ്ങി. 'സബ്ബൊ പജ്ജലിതൊ ലോകൊ, സബ്ബൊ ലോകൊ പകമ്പിതൊ, പകമ്പിതൊ, പകമ്പിതൊ'. എപ്രകാരം ഉള്ളിൽ അപ്രകാരം പുറമെ. മഹാത്മാവ് ഉള്ളിൽ നോക്കി, അതിനാലാണ് പറഞ്ഞത്–

ബാഹർ ഭീതർ എകൊ സച ഹൈ,

യഹ് ഗുരു ജ്ഞാന് ബതായി രെ,

ജന നാനക് ബിൻ ആപാ ചിനെ,

കടെ ന ഭ്രമ കി കായി രെ.

'ജന നാനക്', നാനക് അറിഞ്ഞു – കേവലം ശാസത്രങ്ങളെ പഠിച്ചു കൊണ്ട് സംസാരിക്കുകയല്ല. കേവലം പ്രവചനങ്ങളെ കേട്ടുകൊണ്ട് സംസാരിക്കു കയല്ല. കേവലം ബുദ്ധി വിലാസം ചെയ്തുകൊണ്ട് സംസാരിക്കുകയല്ല. അനുഭൂതിയാൽ അറിഞ്ഞു അതിനാൽ ജനങ്ങളോടു പറയുകയാണ്, അറിയൂ സഹോദരാ! കേവലം വിശ്വസിച്ചാൽ പോര, അറിയുക. അറിഞ്ഞില്ലെങ്കിൽ മുഴുവൻ ജീവനും വിഭ്രാന്തിയിൽ കടന്നുപോകും. എത്ര വിഭ്രാന്തി? എത്ര ഭ്രമം? ബോധശൂന്യത തന്നെ ബോധശൂന്യത, അജ്ഞാനം തന്നെ അജ്ഞാനം, അവിദ്യ തന്നെ അവിദ്യ. എത്തരം ജീവിതത്തിൽകൂടിയാണ് കടന്നു പോകുന്നത്. ദുഖം നിറഞ്ഞത്, സംഘർഷം നിറഞ്ഞത്, രാഗം നിറഞ്ഞത്, ദ്വേഷം നിറഞ്ഞത്, നിർമ്മലതയുടെ നാമാവശേഷമേ ഇല്ല. ഈ കുറച്ചു സമയത്തിനായി പുറമെ പുറമെയുള്ള നിർമ്മലത വരുന്നുവോ, വളരെ സന്തോഷവാനാകുന്നു. ഞാൻ നിർമ്മല വ്യക്തി, ഞാൻ വളരെ ധർമ്മിഷ്ഠനായ വ്യക്തി. അയ്യോ, ഉള്ളിൽ നീ തീ നിറച്ചു വച്ചിരിക്കുകയാണ്. ജ്വലിച്ചു കൊണ്ടിരിക്കുകയാണ്, രാഗത്താൽ ജ്വലിച്ചു കൊണ്ടിരിക്കുയാണ്, ദ്വേഷത്താൽ ജ്വലിച്ചു കൊണ്ടിരിക്കുകയാണ്. എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ബോധം ഉണരുന്നില്ല. ഉള്ളിൽ നോക്കാനെ സാധിച്ചില്ല അപ്പോൾ എങ്ങനെ ബോധം ഉണരും? ഭ്രാന്തി തന്നെ ഭ്രാന്തി. എത്തരത്തിലാണ് പുറത്തും ഉള്ളിലും പ്രതിക്ഷണം പരിവർത്തനം നടന്നു കൊണ്ടിരിക്കുന്നത്. ഒരു ക്ഷണം പോലും പരിവർത്തനം നടക്കാത്തതല്ല. പ്രതി ക്ഷണം പരിവർത്തനം നടക്കുകയാണ്. ഉദയമായി, നഷ്ടമായി – പരിവർത്തിതമായി. വീണ്ടും ഉദയമായി. പ്രതിക്ഷണം പരിവർത്തനം തന്നെ പരിവർത്തനം.

ഒരു ചെറിയ കുഞ്ഞിനെ കണ്ടു. എത്ര സുന്ദരം, എത്ര കോമളം. പത്തു വർഷത്തിനു ശേഷം ആ കുട്ടിയെ കണ്ടു. അയ്യോ എത്ര മാറിപ്പോയി? ഇത് അതേ കുട്ടിയാണോ? എങ്ങനെ മാറിപ്പോയി? ഇരുപതു വർഷത്തിനു ശേഷം, മുപ്പതുവർഷത്തിനു ശേഷം, നാലപത്, അമ്പത്, അറുപത്, എഴുപത്, എൺപത് വർഷത്തിനു ശേഷം അവനെ കണ്ടു. വിശ്വാസം തന്നെ ആകില്ല. അയ്യോ, ഇത് അതേ കുട്ടിയാണോ? എങ്ങനെയായി? എത്ര കോമള മിനുമിനുത്ത തൊലിയായിരുന്നു അവന്റെ എന്നാൽ ഇപ്പോൾ ഈ വരണ്ടുണങ്ങിയ ചുളിവോടുകൂടി യതായല്ലൊ! ഇവന് എന്തുപ്പറ്റി സഹോദര, എങ്ങനെയായി, എപ്പോളായി – ഓരോ പത്തു പത്തു വർഷത്തിനു ശേഷവും രാത്രിയിൽ പുതച്ചു കിടന്നുറങ്ങി – ഏതോ ബ്രഹ്മാവ്, ഏതോ അള്ളാഹൂ അവനിൽ അത്തരം മാന്ത്രിക ദണ്ഡ് ഉഴിഞ്ഞു അപ്പോൾ പൂർണ്ണമായും മാറിപ്പോയി. അങ്ങനെ യാകുന്നില്ലല്ലോ? പ്രതിക്ഷണം മാറിക്കൊണ്ടിരി ക്കുകയാണ്. പ്രതിക്ഷണം മാറിക്കൊണ്ടിരി ക്കുകയാണ്. ഈ കാര്യം കേവലം ബുദ്ധിയാൽ സ്വീകരിച്ചിരുന്നാൽ ഒന്നും തന്നെ ലഭിക്കില്ല. ഇതേകാര്യം എപ്പോൾ അനുഭൂതിയിൽ വരുന്നോ, അപ്പോൾ ഉള്ളിലെ ബോധം ഉണരുന്നു. പ്രജ്ഞയുടെ ആദ്യ സ്വരൂപം ഇതുതന്നെയാണ് എന്തെന്നാൽ അനിത്യബോധം ഉണരുന്നു. ഇതിനെയാണ് പറയുന്നത് 'അനിത്യ ബോധിനി പ്രജ്ഞ ജാഗ്തീ ഹൈ'. ഈ ശരീര സ്കന്ദം മുഴുവൻ, ഈ ചിത്ത സ്കന്ദം മുഴുവൻ എത്തരത്തിലാണ് മാറിക്കൊണ്ടിരി ക്കുന്നത് എത്ര ഭംഗൂരമാണ്. ജന്മമെടുക്കുന്നു എന്നിട്ട് അമ്പത് വർഷത്തിന് ശേഷം, അല്ലെങ്കിൽ എൺപത് വർഷത്തിന് ശേഷം, അല്ലെങ്കിൽ നൂറുവർഷത്തിനു ശേഷം മരിക്കുന്നു, ഇക്കാരണത്താൽ മാത്രമല്ല ഭംഗൂരം നേരെ മറിച്ച് പ്രതിക്ഷണം ഭംഗമാകുന്നു, പ്രതിക്ഷണം ഭംഗമാകുന്നു, ഈ കാരണത്താൽ ക്ഷണഭംഗുരം, ക്ഷണഭംഗൂരം, ക്ഷണഭംഗൂരം. ഓരോക്ഷണവും ഭംഗമായിക്കൊണ്ടു പോകുകയാണ്, ഓരോ ക്ഷണവും ഭംഗമായിക്കൊണ്ടു പോകുകയാണ്. ഇത് അനുഭൂതിയിൽ വരണം. അനുഭൂതിയിൽ കൊണ്ടു വരുന്നതിന് പ്രകൃതി, നിസർഗം, അല്ലെങ്കിൽ പരമാത്മാവ് നമുക്ക് ഏതൊരു വലിയ ശക്തി തന്നിട്ടുണ്ടോ, അതിന്റെ ഉപയോഗം ചെയ്യേണ്ടതുണ്ടല്ലോ! സ്വന്തം ഉള്ളിലെ പ്രജ്ഞ ഉണർത്തണം. ശ്രുത പ്രജ്ഞ ചിന്താ പ്രജ്ഞയായി മാറണം, ചിന്താ പ്രജ്ഞ ഭാവന പ്രജ്ഞയായി മാറണം. അനുഭൂതികളുടെ തലത്തിൽ ഈ അനിത്യ ബോധം ഉണരണം. അയ്യോ, ഈ മുഴുവൻ ശരീര സ്കന്ദം ഇതിനെ 'ഞാൻ, ഞാൻ' എന്ന് പറഞ്ഞുകൊണ്ടു പോകുന്നു. ഇതിനെ 'എന്റെ, എന്റെ' എന്ന് പറഞ്ഞുകൊണ്ടു പോകുന്നു. എത്ര ദേഹാത്മബുദ്ധിയാണ്. ഈ ദേഹത്തിനെപ്പറ്റി ഈ ശരീരത്തിനെപ്പറ്റി എത്ര വലിയ താദാത്മ്യം – 'ഞാൻ, എന്റെ, ഞാൻ എന്റെ' ഈ ചിത്താത്മബുദ്ധി, ഈ

ചിത്തത്തിനെപ്പറ്റി 'ഞാൻ, എന്റെ, ഞാൻ എന്റെ'. പുറമെ പുറമെ നിന്ന് ആയിരം പറഞ്ഞു കൊണ്ടിരിക്കുകയാണ്, ഇത് ഞാൻ അല്ല, ഇത് എന്റെ അല്ല. ഉള്ളിൽ പോകുന്നു, ഉള്ളിലെ യാത്ര ചെയ്യുന്നു, ഉള്ളിലെ അന്തരീക്ഷത്തിന്റെ യാത്ര ചെയ്യുന്നു. അപ്പോൾ കാണുന്നു, അയ്യോ, ഇത് ഞാൻ തന്നെയായിരിക്കുകയല്ലെ? ഇത് എന്റെ തന്നെയായിരിക്കുകയല്ലെ? വാസ്തവത്തിൽ ഈ ശരീരം തന്നെ ഞാനാണ്, എന്റെയാണ് ഇത്തരം സ്ഥിതി ആയിരിക്കുകയാണ്. ഈ ചിത്തം തന്നെ ഞാനാണ്, എന്റെയാണ്. ഇത് രണ്ടിന്റെയും കൂടിച്ചേർന്ന ജീവൻധാരാ, ഞാൻ ആണ്, എന്റെയാണ്. അയ്യോ, എത്തരം ദേഹാത്മബുദ്ധി.

ഈ ഏതൊരു ദേഹാത്മബുദ്ധിയുണ്ടോ, ഇതുകാരണത്താലാണ് രാഗം ഉണർത്തുന്നത്, ദ്വേഷം ഉണർത്തുന്നത്. ഇതുകാരണത്താലാണ് മോഹം ഉണർത്തുന്നത്. ഇതു കാരണത്താലാണ് ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള വികാരം ഉണർത്തുന്നത് എന്നിട്ട് വ്യാകുലനായി പ്പോകുകയാണ്. ബുദ്ധിയാൽ മനസ്സിലാക്കിയാലും ശരി – അയ്യോ, ഈ ശരീരം ഞാൻ അല്ല. ഈ ശരീരം എന്റെ അല്ല. എന്നാലും ദേഹാത്മബുദ്ധി പോകുന്നില്ല. അനുഭൂതിയുടെ കാര്യം ആകാത്തതു കാരണം വീണ്ടും വീണ്ടും ഈ ശരീരത്തിനെ 'ഞാൻ' എന്നു വിശ്വസിച്ചുകൊണ്ട് പോകും. 'എന്റെ' എന്നു വിശ്വസിച്ചു കൊണ്ടു പോകും. അപ്പോൾ വ്യാകുലൻ തന്നെ വ്യാകുലൻ, വ്യാകുലൻ തന്നെ വ്യാകുലൻ. ഈ ചിത്തത്തെ 'ഞാൻ' എന്നു വിശ്വസിച്ചുകൊണ്ടു പോകുകയാണ്, ഈ ചിത്തത്തെ 'എന്റെ' എന്നു വിശ്വസിച്ചുകൊണ്ടു പോകുകയാണ് അപ്പോൾ വ്യാകുലൻ തന്നെ വ്യാകുലൻ, വ്യാകുലൻ തന്നെ വ്യാകുലൻ എന്തുകൊണ്ടെന്നാൽ കാര്യം അനുഭൂതിയിൽ വന്നില്ലല്ലോ! പ്രജ്ഞ വഴി അറിഞ്ഞില്ലല്ലോ! ഇതാകട്ടെ കേവലം ബുദ്ധിയുടെ കാര്യമായിത്തീർന്നു, ശ്രദ്ധയുടെ കാര്യമായി ത്തീർന്നു. ശ്രദ്ധയുടെ തലത്തിൽ ഒരു കാര്യത്തെ സ്വീകരിക്കൽ, ബുദ്ധിയുടെ തലത്തിൽ ഒരു കാര്യത്തെ വിശ്വസിക്കൽ വേറെ കാര്യമാണ്. പുറമെ പുറമെയുള്ള മനസ്സിൽ അതിന്റെ വളരെ നല്ല പ്രഭാവം ഉണ്ടാകുന്നുണ്ട്, എന്നാൽ സ്ഥിരമായ പ്രഭാവം ഉണ്ടാകുന്നില്ല. എന്നാൽ അന്തർമനസ്സിന്റെ ആഴങ്ങളിൽ പോയി ഈ സത്യത്തെ എപ്പോൾ അനുഭൂതിയിൽ കൊണ്ടുവരുന്നോ, അനിത്യ ബോധിനി പ്രജ്ഞ ഉണരുന്നോ അപ്പോൾ മനസ്സിലാക്കുന്നു, സത്യമായും അനിത്യമാണ് അനിത്യമാണ്.

അപ്പോൾ മുഴുവൻ അനിത്യക്ഷേത്രത്തെപ്പറ്റി ഏതൊരു ഭ്രാന്തിയുണ്ടോ, ഏതൊരു ഒട്ടിപ്പിടിക്കലുണ്ടോ, ആസക്തിയുണ്ടോ അത് സഹജമായി മുറിയാൻ തുടങ്ങുന്നു. ഉള്ളിൽ നോക്കി നോക്കി ഇത്തരം അവസ്ഥകൾ വരുന്നു – വളരെ പ്രിയമായി തോന്നുന്നു. അപ്പോൾ പഴയ സ്വഭാവമനുസരിച്ച് അതിനെപ്പറ്റി രാഗം ജനിപ്പിക്കുന്നു അഥവാ എപ്പോഴെങ്കിലും എന്തെങ്കിലും വളരെ അപ്രിയമായി തോന്നിയാൽ അപ്പോൾ പഴയ സ്വഭാവമനുസരിച്ച് അതിനോട് ദ്വേഷം ജനിപ്പിക്കുന്നു. രാഗം ജനിപ്പിക്കുന്നു, ദ്വേഷം ജനിപ്പിക്കുന്നു – ഇതാകട്ടെ മനസ്സിന്റെ പഴയ സ്വഭാവമായിരുന്നു എന്നാൽ ഇപ്പോൾ ആ സ്വഭാവ കുരുക്കിൽ കൂടിങ്ങിയിരിക്കുകയാണ്. അതിനാൽ സാധനയിലും അതുതന്നെ ചെയ്യുന്നു. വീണ്ടും ബോധം വരുന്നു, അയ്യോ, എന്തിനോടാണ് രാഗം ജനിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഏതിനോട് രാഗം ചെയ്തുകൊണ്ടിരിക്കുന്നോ, ആ ശരീരസ്കന്ദം, ആ ചിത്തസ്കന്ദം പ്രതിക്ഷണം മാറിക്കൊണ്ടിരി ക്കുകയാണ്, മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഏതൊന്ന് പ്രിയമായി തോന്നിക്കൊണ്ടിരിക്കുന്നോ, മുന്നോട്ടു പോകുമ്പോൾ അപ്രിയവും ആകാവുന്നതാണ്. ഇപ്പോൾ ഏതൊന്ന് അപ്രിയമായി തോന്നുന്നോ അത് മുന്നോട്ടു പോകുമ്പോൾ പ്രിയവും ആകാവുന്നതാണ്. എത്ര പരിവർത്തനശീലമാണ് പ്രതിക്ഷണം മാറിക്കൊണ്ടിരി ക്കുകയാണ്, പ്രതിക്ഷണം മാറിക്കൊണ്ടിരി ക്കുകയാണ്.

സഹോദര, ഈ പ്രവചനം കാരണം ഈ കാര്യം വേണമെങ്കിൽ സ്വീകരിച്ചാൽ തന്നെ, പുസ്തകങ്ങൾ പഠിച്ച് ഈ കാര്യം സ്വീകരിച്ചാൽ തന്നെ അനുഭവമില്ലാതെ അറിയുകയില്ല. അറിഞ്ഞില്ലെങ്കിൽ ജ്ഞാനം അന്യന്റെ തന്നെ അന്യന്റെയാണ്. സ്വന്തമല്ല കൂടാതെ സ്വന്തം ജ്ഞാനം ഉണരാതെ വികാരങ്ങളിൽ നിന്ന് വിമുക്തി ആകില്ല. അതിനാൽ സ്വന്തം ഉള്ളിലെ പ്രജ്ഞ ഉണരണം, അനുഭൂതിയാലുള്ള പ്രജ്ഞ ഉണർന്നാൽ വളരെ മംഗളമാകുന്നു. ശീലത്തിന്റെ ആധാരമുണ്ടെങ്കിൽ, സമാധിയുടെ ബലമുണ്ടെങ്കിൽ, പ്രജ്ഞ ഉണരാൻ തുടങ്ങിയെങ്കിൽ, ഉള്ളിലെ മുഴുവൻ പ്രപഞ്ചവും മനസ്സിലാകാൻ തുടങ്ങും. അപ്പോൾ വളരെ നന്മയാകും, വളരെ മംഗളമാകും. ആര് ആര് സ്വന്തം ഉള്ളിലെ അനുഭൂതിയാലുള്ള പ്രജ്ഞ ഉണർത്തുന്നോ അവരുടെ മംഗളം തന്നെ മംഗളം, നന്മ തന്നെ നന്മ, സ്വസ്ഥി തന്നെ സ്വസ്ഥി, മുക്തി തന്നെ മുക്തി.

**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.
Website: http://www.ketana.dhamma.org

**ശിബിരങ്ങളുടെ സൂചിക – 2011**

**പത്തു ദിവസ ശിബിരം:** 5–16.5, 2–13.6, 7–18.7, 18–29.8, 17–28.9, 13–24.10, 5–16.11, 20.11–1.12(Female only), 20–31.12.2012

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരണ്ടൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.

.....................